## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8197 17.07.2014-ൽ മറുപടിക്ക്**

**പുറക്കാട് പഞ്ചായത്തിലെ കടിവെള്ള ക്ഷാമം**

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ. | അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ പുറക്കാട് രൂക്ഷമായ കടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | പുറക്കാട് പഞ്ചായത്തിലെ ഒറ്റപ്പന ഭാഗത്തും ഇല്ലിച്ചിറ പ്രദേശത്തും കടിവെള്ള ക്ഷാമം നിലനിൽക്കുന്നുണ്ട്. |
| ബി. | പ്രസ്തുത പഞ്ചായത്തിലെ കടിവെള്ള ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; | ബി. | നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| സി. | കടിവെള്ളക്ഷാമം പരിഹരിക്കാൻ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | സി. | പുറക്കാട് പഞ്ചായത്തിലെ മത്സ്യ ഗ്രാമങ്ങളിലേയ്ക്ക് കടിവെള്ളം നൽകുന്നതിനായി മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾ പ്പെടുത്തി 128.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച വരുന്നു.<br>ഇല്ലിച്ചിറയിലെ തൈച്ചിറയിൽ നിന്നുള്ള കനാലിന് കുറുകെയുള്ള തകരാറിലായ പൈപ്പ് മാറ്റി സ്ഥാപിക്കുവാൻ ജില്ലാ കളക്ടർക്ക് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഒറ്റപ്പന ഭാഗത്ത് ഒരു പുതിയ കുഴൽക്കിണർ ആവശ്യമുണ്ട്. ഇതിലേക്ക് സ്ഥലം ലഭിക്കുന്നതിനനുസൃതമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ